പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1624 17.06.2013-ൽ മറുപടിയ്ക്ക്

# മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്

| | ചോദ്യം<br>ശ്രീ. വി. എസ്. സുനിൽ കുമാർ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി ശ്രീ. ഷാഫി മേത്തർ ചുമതലയേറ്റത് എന്നാണ്; സാമ്പത്തിക ഉപദേഷ്ടാവ് എന്ന നിലയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ; ഇദ്ദേഹത്തിന് എന്തെങ്കിലും പ്രത്യേക പദവി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ; | (എ) | പൊതു ഭരണ (ഏകോപനം) വകുപ്പിൽ നിന്ന് 21-05-2012-ലെ സ.ഉ.(എം.എസ്) 119/12/പൊഭവ. നമ്പർ ഉത്തരവ് പ്രകാരമാണ് സംസ്ഥാന മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി ശ്രീ.ഷാഫി മേത്തറെ നിയമിച്ചത്. അദ്ദേഹം 21.05.2012-ൽ തന്നെ ചുമതലയേൽക്കുകയും ചെയ്തു.<br>പ്രതിമാസം ഒരു രൂപയാണ് അദ്ദേഹത്തിന് റമ്യൂണറേഷനായി നിശ്ചയിച്ചിട്ടുള്ളത്. സെക്രട്ടേറിയറ്റിൽ ഒരു ഓഫീസ് റൂമും ഔദ്യോഗിക വാഹനവും മൊബൈൽ ഫോണും നൽകണമെന്നും ഔദ്യോഗിക യാത്രാ ചെലവുകൾ റീഇംബേഴ്സ് ചെയ്യാനുള്ള അർഹതയുണ്ടെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കായി ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനേയും ഒരു ഓഫീസ് അറ്റൻഡന്റിനേയും ഒരു ഡ്രൈവറേയും നൽകിയിട്ടുണ്ട്. അനുയോജ്യമായ റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന്റെ വാടക സർക്കാരിൽ നിന്ന് റീഇംബേഴ്സ് ചെയ്യാനും ഇദ്ദേഹ |

| | | | |
|---|---|---|---|
| | | | ത്തിന് അനുമതി നൽകിയിട്ടുണ്ട്. <br> ഇദ്ദേഹത്തിന് പ്രത്യേക പദവികൾ ഒന്നുംതന്നെ നൽകിയിട്ടില്ല. |
| (ബി) | സാമ്പത്തിക ഉപദേഷ്ടാവായി ചുമതലയേറ്റ ശേഷം ഇദ്ദേഹം എത്ര വിദേശരാജ്യങ്ങൾ സന്ദർശിച്ചു; ഇതിനായി ചെലവഴിച്ച തുക എത്ര ; എന്തെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് വിദേശപര്യടനം നടത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | (ബി) | 25.05.2012-ൽ ദുബായിയിൽ വച്ച് ചേർന്ന സെന്റ് പോൾസ് കോളേജ് ഗൾഫ് അലുമ്നി റീയൂണിയൻ യോഗത്തിൽ ഗസ്റ്റ് ഓഫ് ഓണറായി പങ്കെടുക്കുന്നതിന് 30.05.2012-ലെ സ.ഉ (സാധാ) 4451/2012/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ഷാഫി മേത്തർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. <br> 22.09.2012-ൽ ന്യൂയോർക്കിൽ വച്ച് നടന്ന ന്യൂയോർക്ക് സോഷ്യൽ എന്റർപ്രണർഷിപ്പ് കോൺഫറൻസ്-2012-ൽ മുഖ്യ പ്രഭാഷണം നടത്തുന്നതിനും 30.09.2012 മുതൽ 02.10.2012 വരെ ട്രിനിഡാഡിൽ വച്ച് നടന്ന മൂന്നാമത് കരീബിയൻ പബ്ലിക് പ്രൊക്യുയർമെന്റ് (ലാ & പ്രാക്ടീസ്) കോൺഫറൻസ്-2012-ൽ മുഖ്യ പ്രഭാഷണം നടത്തുന്നതിനും, 08.10.2012 മുതൽ 11.10.2012 വരെ ന്യൂയോർക്കിൽ വച്ച് നടന്ന ഗ്ലോബൽ ഇൻസൈറ്റ്സ് നെറ്റ്‌വർക്ക്-2012-ൽ പങ്കെടുക്കുന്നതിനും, 30.10.2012, 31.10.2012 തീയതികളിൽ ജപ്പാനിലെ ക്യോട്ടോയിൽ വച്ച് നടന്ന വാല്യൂസ് & മോറൽസ് ഇൻ ബിസിനസ് & പ്രൊഫഷൻസ് ഇൻ ഏഷ്യ എന്ന വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നതിനും ബ്രസീലിലെ ബ്രസീലിയയിൽ വച്ച് ചേർന്ന പതിനഞ്ചാമത് ഇന്റർനാഷണൽ ആന്റി കറപ്ഷൻ |

| | | | |
|---|---|---|---|
| | | | കോൺഫറൻസ്-2012-ൽ പങ്കെടുക്കുന്നതിനും 24.09.2012-ലെ സ.ഉ (സാധാ) 7958/2012/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അദ്ദേഹത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>2012 ഡിസംബർ 7 മുതൽ 9 വരെ ബംഗ്ലാദേശിലെ ധാക്കയിൽ നടന്ന ഏഷ്യ സൊസൈറ്റിയുടെ ഏഷ്യ 21 യങ് ലീഡേഴ്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനും ഡിസംബർ 11, 12 തീയതികളിൽ ദുബായിയിൽ വച്ച് നടന്ന ഗ്ലോബൽ എന്റർപ്രണർഷിപ്പ് ഉച്ചകോടി-2012-ൽ പങ്കെടുക്കുന്നതിനും ഡിസംബർ 12-ന് ദുബായിയിൽ വച്ച് നടന്ന എൻ.ആർ.ഐ ഗ്ലോബൽ നെറ്റ്‌വർക്ക് ലോഞ്ചിൽ പങ്കെടുക്കുന്നതിനും 29.12.2012-ലെ സ.ഉ (സാധാ) 10758/2012/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>2013 മാർച്ച് 10 മുതൽ 18 വരെ ലണ്ടനിലും യു.കെയിലെ മറ്റ് നഗരങ്ങളിലുമായി നടന്ന യു.കെ ഗവൺമെന്റിന്റെ ഫ്യൂച്ചർ ഇന്റർനാഷണൽ ലീഡേഴ്സ് പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനും മാർച്ച് 22-ൽ യു.എസ്.എ-യിലെ കാലിഫോർണിയ രാജീവ് സർക്കിൾ സിലിക്കൺവാലിയിലെ യോഗത്തിൽ പങ്കെടുക്കുന്നതിനും, ഏപ്രിൽ 2-ൽ ന്യൂയോർക്കിൽ വച്ച് നടന്ന ഹൊറേയ്സ് മാൻ സ്കൂൾ വൈഡ് സോഷ്യൽ എന്റർപ്രണർഷിപ്പ് അസംബ്ലിയിൽ പങ്കെടുക്കുന്നതിനും ഏപ്രിൽ 5 മുതൽ 8 വരെ സിംഗപ്പൂരിൽ |

വച്ച് നടന്ന ഇ.എം.എസ് കൌൺസിൽ ഏഷ്യയുടെ ഇ.എം.എസ് ഏഷ്യാ മീറ്റ്-2013-ൽ പങ്കെടുക്കുന്നതിനും 16.03.2013-ലെ സ.ഉ (സാധാ) 2092/2013/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2013 മാർച്ച് 19, 20 തീയതികളിൽ തുർക്കിയിലെ ഇസ്റ്റാംബുളിൽ വച്ച് നടന്ന ഐ.എഫ്.സി (ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ, വേൾഡ് ബാങ്ക് ഗ്രൂപ്പ്), ഗ്ലോബൽ കണക്ഷൻസ് കോൺഫറൻസിൽ പങ്കെടുക്കുന്നതിന് 02.05.2013-ലെ സ.ഉ (സാധാ) 3622/2013/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2013 മെയ് 2,3 തീയതികളിൽ സിംഗപ്പൂരിൽ നടന്ന ഹാർവാഡ് യൂണിവേഴ്സിറ്റിയുടെ ഫ്രണ്ട്സ് (അലൂമ്നി) യോഗത്തിൽ പങ്കെടുക്കുന്നതിനും മെയ് 10 മുതൽ 15 വരെ യു.എ.യിൽ നടന്ന കളമശ്ശേരി സെന്റ് പോൾസ് കോളേജിന്റെ ഫ്രണ്ട്സ് (അലൂമ്നി) യോഗത്തിൽ പങ്കെടുക്കുന്നതിനും മെയ് 24 മുതൽ 26 വരെ ജോർദ്ദാനിൽ വച്ച് നടന്ന വേൾഡ് എക്കണോമിക് ഫോറം ഓൺ ദി മിഡിൽ ഈസ്റ്റ് &നോർത്ത് ആഫ്രിക്ക-2013 യോഗത്തിൽ പങ്കെടുക്കുന്നതിനും ജൂൺ 5 മുതൽ 7 വരെ മ്യാൻമാറിൽ വച്ച് നടന്ന വേൾഡ് എക്കണോമിക് ഫോറം ഓൺ ഈസ്റ്റ് ഏഷ്യ-2013 യോഗത്തിൽ പങ്കെടുക്കുന്നതിനും 14.05.2013-ലെ സ.ഉ (സാധാ) 3937/2013/പൊ.ഭ.വ നമ്പർ ഉത്തരവ്

| | | | |
|---|---|---|---|
| | | | പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മുകളിൽ വിവരിച്ച യാത്രകളുമായി ബന്ധപ്പെട്ട ചെലവുകൾ ശ്രീ.ഷാഫി മേത്തർ സ്വന്തം ചെലവിലോ അല്ലെങ്കിൽ ഈ പ്രോഗ്രാമുകളുടെ സ്പോൺസർമാർ നേരിട്ടോ വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായിട്ടാണ് ഇതു സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഇന്ത്യയിലെ ഏതെല്ലാം പ്രധാനപ്പെട്ട നഗരങ്ങൾ ഇദ്ദേഹം സന്ദർശിച്ചിട്ടുണ്ട് ; ഈ സന്ദർശനങ്ങൾക്കായി ചെലവഴിച്ച തുക എത്ര : ഈ സമയത്തു താമസാവശ്യത്തിനായി മാത്രം ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ ? | (സി) | മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന നിലയിൽ ന്യൂഡൽഹി, മുംബൈ, ജയ്പൂർ, ബാംഗ്ലൂർ, ചെന്നൈ, കൊച്ചി എന്നീ പ്രധാനപ്പെട്ട നഗരങ്ങളാണ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ശ്രീ.ഷാഫി മേത്തർ സന്ദർശിച്ചിട്ടുള്ളത്. ഈ സന്ദർശനങ്ങൾക്കായി വിമാനയാത്രക്കൂലിയിനത്തിൽ 2,42,084/- (രണ്ട് ലക്ഷത്തി നാൽപത്തി രണ്ടായിരത്തി എൺപത്തിനാല്) രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സന്ദർശനവേളയിൽ അദ്ദേഹം സ്വന്തം ചെലവിലും സുഹൃത്തുക്കൾ, ബന്ധുക്കൾ എന്നിവരോടൊപ്പവും താമസിച്ചിരുന്നതിനാൽ താമസാവശ്യങ്ങൾക്കായി തുകയൊന്നും സർക്കാർ തലത്തിൽ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ